**KERALA STATE HAJ COMMITTEE**
*(Constituted underthe Act of Parliament No.35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA-673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob; 8281707785

# 2027 ഹജ്ജിന് അപേക്ഷിക്കുമ്പോൾ ഫോം എങ്ങനെ പൂരിപ്പിക്കണം എന്നത് ഘട്ടം ഘട്ടമായി താഴെ കൊടുക്കുന്നു

അപേക്ഷകൾ കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ https://www.hajcommittee.gov.in എന്ന വെബ്സൈറ്റ് വഴിയോ Haj Suvidha മൊബൈൽ ആപ്പ് വഴിയോ ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

*അപേക്ഷയ്ക്ക് മുമ്പ് അപ്‌ലോഡ് ചെയ്യാനുള്ള രേഖകൾ സ്കാൻ ചെയ്ത് തയ്യാറാക്കേണ്ടതുണ്ട് *

മെഷീൻ റീഡബിൾ ഇന്ത്യൻ പാസ്സ്പോർട്ടിന്റെ മുൻപിലും പിന്നിലുമുള്ള പേജുകൾ (1200 × 800 px, JPG/JPEG, 100–500 KB). അപേക്ഷ സമർപ്പണ അവസാന തീയതിക്ക് മുമ്പ് ലഭിച്ചതും 31.12.2027 വരെയെങ്കിലും കാലാവധിയുള്ളതുമായിരിക്കണം.

- വെളുത്ത പശ്ചാത്തലത്തിലുള്ള പാസ്സ്പോർട്ട് സൈസ് ഫോട്ടോ (480 × 640 px, JPG/JPEG, 5–20 KB)
- ബാങ്ക് പാസ്ബുക്ക് അല്ലെങ്കിൽ ക്യാൻസൽ ചെയ്ത ചെക്ക് (590 × 750px, JPG/JPEG, 80–250 KB)
- വിലാസം തെളിയിക്കുന്ന രേഖ (590 x 750 px, JPG/JPEG, 80–250 KB) മുകളിൽ പറഞ്ഞ ഫോർമാറ്റിൽ രേഖകൾ തയ്യാറാക്കിയതിന് ശേഷം www.hajcommittee.gov.in എന്ന വെബ്സൈറ്റ് തുറക്കുക.

### Step 1: രജിസ്ട്രേഷൻ

- വലതു ഭാഗത്തുള്ള Pilgrim Login 2027 ക്ലിക്ക് ചെയ്യുക.
- Log in പേജിൽ Register തിരഞ്ഞെടുക്കുക.

### Registration Form ൽ

- കവർ ഹെഡിന്റെ മൊബൈൽ നമ്പർ നൽകുക (ഈ നമ്പർ ആണ് പിന്നീട് User ID ആയി ഉപയോഗിക്കുക യാതൊരു കാരണവശാലും മറ്റുള്ളവരുടെ നമ്പർ കൊടുക്കരുത് )
- Send Otp നൽകുക മൊബൈലിലേക്ക് 6 അക്ക otp വന്നത് അടിച്ചതിന് ശേഷം Verify Otp നൽകുക (നിർബന്ധമായും കവർ ഹെഡിന്റെ മൊബൈൽ നമ്പർ തന്നെ നൽകുക.. ഹജ്ജ് അപേക്ഷ മുതൽ ഹജ്ജ് കഴിഞ്ഞ് വരുന്നതുവരെ ഈ മൊബൈൽ നമ്പർ ആവശ്യം വരും)
- Email Id നൽകുക (ഇവിടെ mantatory അല്ലങ്കിലും തുടർന്ന് വരുന്ന പേജിൽ നിർബന്ധം ആണ്. ഇവിടെയും അപേക്ഷകന്റെ ഇമെയിൽ ഐഡി മാത്രം നൽകണം. ഇമെയിൽ ഐഡി ഇല്ലാത്തവർ പുതിയ ഒരു ഇമെയിൽ ഐഡി ഉണ്ടാക്കണം )
- പാസ്പോർട്ടിലുള്ളതുപോലെ കവർ ഹെഡിന്റെ പേര്, Surname നൽകുക.
- M-Pin നൽകുക രണ്ടാമത്തെ കോളത്തിലും തെറ്റാതെ 6 അക്ക നമ്പർ നൽകി ഉറപ്പ് വരുത്തുക *(ഓർത്തു വെക്കുന്ന 6 അക്ക നമ്പർ) ഇത് എവിടെ യെങ്കിലും എഴുതി വെക്കുക. പിന്നീട് log in ചെയ്യാൻ ആവശ്യം വരും)
- കവർ ഹെഡിന്റെ സ്റ്റേറ്റ്, ഡിസ്ട്രിക്റ്റ് നൽകുക.
- Application Category ശ്രദ്ധയോടെ തിരഞ്ഞെടുക്കുക

**അപേക്ഷകരെ അഞ്ച് വിഭാഗമായി തിരിച്ചിട്ടുണ്ട്**

1. 65 + Age Category

(22.06.2026 ന് 65 വയസ്സ് പൂർത്തിയായ 65+ വിഭാഗം: ഇവർ ജീവിതത്തിലൊരിക്കൽ പോലും ഏത് മാർഗ്ഗേനയും ഹജ് ചെയ്തവരായിരിക്കരുത്. കൂടാതെ 18 നും 65 നും ഇടക്ക് പ്രായമുള്ള അടുത്ത ബന്ധു ( ഭാര്യ / ഭർത്താവ്, സഹോദരൻ / സഹോദരി, മകൻ / മകൾ, മരുമകൻ / മരുമകൾ, പേരമകൻ / പേരമകൾ, സഹോദര പുത്രൻ / സഹോദര പുത്രി ) സഹായിയായി നിർബ്ബന്ധം.) (രണ്ട് 65+ ഉം രണ്ട് സഹായികളുമടക്കം പരമാവധി നാല് പേർക്ക് ഒരു കവറിൽ അപേക്ഷിക്കാം.)

2. **Ladies Without Mehram (LWM) 65 +**

(22.06.2026 ന് 65 വയസ്സ് പൂർത്തിയായ എന്നാൽ കൂടെ യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ട പുരുഷൻ (മെഹറം) ഇല്ലാത്ത സ്ത്രീകൾ. ഇവർക്ക് 22.06.2026 ന് 45 വയസ്സ് പൂർത്തിയായ എന്നാൽ 60 വയസ്സ് കവിയാത്ത ഒരു സ്ത്രീ സഹായി നിർബന്ധം. ഈ വിഭാഗത്തിൽ രണ്ട് 65+ ഉം രണ്ട് സഹായികളുമടക്കം പരമാവധി നാല് പേർക്ക് ഒരു കവറിൽ അപേക്ഷിക്കാം.)

3. **Ladies Without Mehram (LWM) 45+**

(കൂടെ യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ടിട്ടുള്ള പുരുഷൻ ( മെഹറം ) ഇല്ലാത്ത 22.06.2026 ന് 45 വയസ്സ് പൂർത്തിയായ സ്ത്രീകൾ. ഒരു കവറിൽ പരമാവധി 5 പേർക്ക് അപേക്ഷിക്കാം.)

4. **General**

മുകളിൽ പറഞ്ഞവർ ഒഴികെ ബാക്കിയുള്ളവർ ജനറൽ കാറ്റഗറിയിലാണ് അപേക്ഷിക്കേണ്ടത്. ഒരു കവറിൽ പരമാവധി 5 പേർക്ക് അപേക്ഷിക്കാം. ഹജ് കമ്മിറ്റി മുഖേന ജീവിതത്തിൽ ഒരിക്കൽ മാത്രമെ ഹജ്ജിന് അവസരമുള്ളൂ. എന്നാൽ 65 + വിഭാഗത്തിൽ സഹായിയായും സ്ത്രീകൾക്ക് മെഹറം ആയും മറ്റാരും ഇല്ലെങ്കിൽ നേരത്തെ ഹജ്ജ് ചെയ്തവർക്ക് Repeater എന്ന നിലയിൽ അപേക്ഷിക്കാം.

5. **General – Backlog (WL)**

2026 ലെ ഹജ്ജ് അപേക്ഷയിലെ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട ആദ്യ 20 ശതമാനം പേർ. ഇവരുടെ കൂടെ ഈ വർഷം പുതതായി ആരെങ്കിലും അപേക്ഷിക്കുന്നുണ്ടെങ്കിൽ ഈ ആനുകൂല്യം ലഭിക്കുന്നതല്ല .)

- ➢ മുകളിലെ 1 മുതൽ 4 വരെ കാറ്റഗറി തിരഞ്ഞെടുക്കുമ്പോൾ തൊട്ടടുത്തുള്ള കോളത്തിൽ ഒരു കവറിൽ പോകുന്നവരുടെ എണ്ണം തിരഞ്ഞെടുക്കണം
- ➢ 5-മത്തെ കാറ്റഗറി തിരഞ്ഞെടുക്കുമ്പോൾ തൊട്ടടുത്ത കോളത്തിൽ 2026-ലെ അപേക്ഷയുടെ കവർ നമ്പർ തിരഞ്ഞെടുക്കണം
- ➢ 2027 ലെ ഗൈഡ് ലൈനിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ നിബന്ധനകളും വ്യവസ്ഥകളും ഞാൻ അംഗീകരിച്ചു എന്നതിന് Yes/ No നൽകുക.
- ➢ Security Code (തൊട്ടടുത്തുള്ള ബോക്സിൽ ഉള്ള നമ്പർ) നൽകുക.
- ➢ Submit അമർത്തുക
- ➢ യൂസർ ഐഡി, M പിൻ എഴുതി സൂക്ഷിക്കുക.
- ➢ **ഇതോടെ രെജിസ്ട്രേഷൻ നടപടികൾ അവസാനിച്ചു**

## ഹജ്ജ് അപേക്ഷ പൂരിപ്പിക്കുമ്പോൾ തുടർന്ന് ചെയ്യേണ്ട കാര്യങ്ങൾ

- ആദ്യം https://www.hajcommittee.gov.in ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രവേശിച്ച് 'Pilgrim Login' ക്ലിക്ക് ചെയ്യുക. തുടർന്ന് നിങ്ങളുടെ ലോഗിൻ ഐഡിയും (Login ID) പാസ്‌വേഡും ഉപയോഗിച്ച് അക്കൗണ്ട് ഓപ്പൺ ചെയ്യുക.
- ഹജ്ജിന് അപേക്ഷ സമർപ്പിക്കുമ്പോൾ ആദ്യം നമ്മൾ തീരുമാനമെടുക്കേണ്ടത് ഷോർട്ട് ഹജ്ജിനാണോ നോർമൽ ഹജ്ജിന് ആണോ പോകുന്നതെന്നാണ് ഷോർട്ട് ഹജ്ജ് എന്ന് പറയുന്നത് 20 ദിവസത്തെ പാക്കേജ് ആണ്. അതിൽ കേരളത്തിൽ കൊച്ചി മാത്രമേ എംപാർക്കേഷൻ പോയിന്റുള്ളൂ. ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ഷോർട്ട് ഹജ്ജ് കാറ്റഗറിയിൽ നിന്നും മാറാൻ കഴിയില്ല. കേവലം 10000 ആളുകൾക്ക് മാത്രമാണ് ഇതിൽ അവസരം. ഷോർട്ട് ഹജ്ജിന് അപേക്ഷിച്ച് തെരഞ്ഞെടുക്കപ്പെട്ടവർ പതിനായിരത്തിൽ കവിയുകയാണെങ്കിൽ അവരിൽ നിന്ന് നറുക്കെടുപ്പിലൂടെ ഹജ്ജ് കമ്മിറ്റി പതിനായിരം പേരെ തിരഞ്ഞെടുക്കും. അങ്ങനെ ഷോർട്ട് ഹജ്ജിന് തിരഞ്ഞെടുക്കപ്പെടാത്തവർ നോർമൽ ഹജ്ജിന് പോകേണ്ടിവരും. മദീനത്ത് രണ്ടോ മൂന്നോ ദിവസം മാത്രമേ താമസം ഉണ്ടാവുകയുള്ളൂ. 2026 ഷോർട്ട് ഹജ്ജിനും നോർമൽ ഹജ്ജിനും ഒരേ തുകയായിരുന്നു ഈടാക്കിയിരുന്നത്
- ·65 വയസ്സ് കാറ്റഗറിയിൽ അപേക്ഷിക്കുന്ന ആളുകൾ കൂടെ പോകുന്ന സഹായിയുടെ ബന്ധം നല്ലവണ്ണം ശ്രദ്ധിക്കേണ്ടതാണ്. സഹായിയുടെ ബന്ധം തെളിയിക്കുന്ന രേഖകൾ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടി വരും. തെറ്റായ ബന്ധത്തിൽ അപേക്ഷിക്കുന്ന ആളുകളുടെ അവസരം നഷ്ടപ്പെടുകയും അവർ ഹജ്ജ് കമ്മിറ്റിയിൽ അടവാക്കിയ പണം പിടിച്ചു വെക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിരിക്കും. 65 വയസ്സായ ആൾ ജീവിതത്തിൽ ഒരിക്കലും ഹജ്ജ് ചെയ്തവരാവാൻ പാടില്ല. 65 വയസ്സായ അപേക്ഷകന്റെ കൂടെ പോകുന്ന സഹായി അപേക്ഷകനെ സഹായിക്കാൻ പറ്റുന്ന ആളുകൾ ആണെന്ന് അപേക്ഷകൻ ഉറപ്പുവരുത്തേണ്ടതാണ്.65+ ക്യാറ്റഗറി ആണെങ്കിൽ സഹായിടെ ബന്ധം സെലക്ട് ചെയ്യുക സഹായിയുടെ പേരു കൊടുക്കുക
- Embarkation Point നിങ്ങൾ യാത്ര തിരിക്കാൻ ഉദ്ദേശിക്കുന്ന എയർപോർട്ട്/കേന്ദ്രം (Embarkation Point) ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കുക. എംബാർക്കേൻ പോയിന്റ് തിരഞ്ഞെടുക്കുമ്പോൾ കഴിഞ്ഞവർഷം ഓരോ എംബാർക്കേഷനിൽ നിന്നും ഈടാക്കിയ വിമാന ചാർജ് നിങ്ങൾക്ക് കാണാവുന്നതാണ്. ഒരിക്കൽ എംപാർക്കേഷൻ തിരഞ്ഞെടുത്താൽ പിന്നീട് മാറ്റാൻ സാധിക്കുന്നതല്ല.
- ഒറിജിനൽ പാസ്പോർട്ട് അപ്‌ലോഡ് ചെയ്യൽ നിങ്ങളുടെ പാസ്പോർട്ട് ഒറിജിനൽ കൃത്യമായി സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക. അപ്പോൾ നിങ്ങളുടെ പാസ്പോർട്ട് വിവരങ്ങൾ സൈറ്റിൽ നിങ്ങൾക്ക് കാണാവുന്നതാണ് അതിനുശേഷം പാസ്പോർട്ടിലെ വിവരങ്ങൾ (Details) ഫോമിൽ പൂരിപ്പിച്ച് നൽകിയ ശേഷം ശ്രദ്ധിച്ചു Verify ചെയ്യുക.
- അപേക്ഷകന്റെ വിവരങ്ങൾ (Applicant Details) തുടർന്ന് നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങളും പിതാവിന്റെ പേര് മാതാവിന്റെ പേര് രക്ത ഗ്രൂപ്പ് വൈവാഹിക അവസ്ഥ അക്കമഡേഷൻ കാറ്റഗറി എന്നിവയും ആരോഗ്യ അവസ്ഥയും, മേൽവിലാസവും, ഫോൺ നമ്പറും(ഓരോ അപേക്ഷകന്റെയും ഉപയോഗത്തിലുള്ള മൊബൈൽ നമ്പർ കൊടുക്കുക ) email id യും നൽകണം
- മെഹ്റം & Mehram (സ്ത്രീകൾക്ക് മാത്രം): സ്ത്രീകൾ അപേക്ഷിക്കുമ്പോൾ കൂടെ മെഹ്റം ആയി യാത്ര ചെയ്യുന്ന പുരുഷന്റെ (Mehram) വിവരങ്ങൾ ഇവിടെ നൽകേണ്ടതുണ്ട്.
- നോമിനി വിവരങ്ങൾ (Mehram & Nominee Details)
  Nominee വിവരങ്ങൾ: നാട്ടിലുള്ള നിങ്ങളുടെ അടുത്ത ബന്ധുക്കളുടെ വിവരങ്ങളാണ് നോമിനിയായി നൽകേണ്ടത്. ശ്രദ്ധിക്കുക: നിങ്ങളുടെ കൂടെ ഹജ്ജിന് യാത്ര ചെയ്യുന്നവരെ നോമിനിയാക്കാൻ പാടില്ല. നോമിനി കഴിയുന്നതും നാട്ടിലുള്ള ആളുകൾ ആകാൻ ശ്രദ്ധിക്കേണ്ടതാണ്. നമിയുടെ ഫോൺ നമ്പർ നൽകുമ്പോൾ നാട്ടിലുള്ള ഫോൺ നമ്പർ നൽകേണ്ടതാണ്

- ഒറിജിനൽ ബാങ്ക് പാസ്ബുക്ക് അപ്‌ലോഡ് ചെയ്യൽ അപേക്ഷകന്റെ പാസ്ബുക്ക് or ചെക്ക് ലീഫ് ഏതാണോ അത് ഒറിജിനൽ അപ്‌ലോഡ് ചെയ്യുക. പാസ്ബുക്ക് or ചെക്ക് ലീഫ് അപ്‌ലോഡ് ചെയ്യുമ്പോൾ വിവരങ്ങൾ സൈറ്റിൽ നിങ്ങൾക്ക് കാണാവുന്നതാണ്. അതിനുശേഷം പാസ്ബുക്കിലെ വിവരങ്ങൾ ടൈപ്പ് ചെയ്ത് നൽകി Verify ചെയ്യുക.
- റിപ്പീറ്റർ വിവരങ്ങൾ (Repeater Details) മുൻ വർഷങ്ങളിൽ ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവ്വഹിക്കാൻ പോയിട്ടുള്ളവരാണെങ്കിൽ ഇവിടെ Yes എന്ന് നൽകുക. (സ്ത്രീകളുടെ കൂടെ മെഹറമായി പോകുന്നവർക്കും 65+ കാറ്റഗറിയിൽ സഹായിയായി പോകുന്നവർക്കും മാത്രമേ ഇങ്ങനെ അപേക്ഷിക്കാൻ അനുവാദമുള്ളൂ.
- Adahi (ബലികർമ്മം) തമത്തുആയി ഹജ്ജിന് പോകുന്നവർ മക്കത്ത് നിന്ന് ഇഹ്റാം ചെയ്യുന്നതുകൊണ്ട് അറവ്വ് നടത്തേണ്ടതുണ്ട്. ഇതിന് ഹജ്ജ് കമ്മിറ്റി സൗദിയിലെ ഇസ്ലാമിക് ഡെവലപ്മെന്റ് ബാങ്ക് വഴി സംവിധാനം ഉണ്ടാക്കുന്നുണ്ട്. അപേക്ഷകർ പണം അടക്കുന്ന സമയത്ത് അറവിനുള്ള പണമടക്കുകയും ഇസ്ലാമിക് ഡെവലപ്മെന്റ് ബാങ്ക് അപേക്ഷകർക്ക് കൂപ്പൺ നൽകി അറവ്വ് കർമ്മം നിർവഹിക്കുകയുമാണ് ചെയ്യാറ്. അങ്ങനെ ഹജ്ജ് കമ്മിറ്റി വഴി അറവ് നിർവഹിക്കാൻ ആഗ്രഹിക്കുന്നവർ adhahi എന്ന കോളത്തിൽ യെസ് എന്ന് മാർക്ക് ചെയ്യേണ്ടതാണ്.
- NRI: വിദേശത്ത് ജോലി ചെയ്യുന്നവർ മാത്രം ബാധകമായ വിവരങ്ങൾ ഇവിടെ നൽകുക.
- Disability: അപേക്ഷകന് എന്തെങ്കിലും തരത്തിലുള്ള ശാരീരിക ബുദ്ധിമുട്ടുകളോ വൈകല്യങ്ങളോ (Disability) ഉണ്ടെങ്കിൽ Yes എന്ന് നൽകി അതിന്റെ വിവരങ്ങൾ (Details) കൃത്യമായി രേഖപ്പെടുത്തുക. ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവർ അപേക്ഷയോടൊപ്പം ഒരു സത്യപ്രസ്താവന കൂടെ നൽകേണ്ടതുണ്ട്. പ്രസ്തുത പ്രസ്താവനയിൽ കൂടെ വരുന്ന ആളുകളുടെ വിവരവും നൽകേണ്ടതായിട്ടുണ്ട്.
- Next ബട്ടൺ അമർത്തുക. ഗ്രൂപ്പിൽ എത്ര അപേക്ഷകരാണോ ഉള്ളത് അത്രയും പേരുടെ ഡീറ്റെയിസ് കൊടുക്കുക.
- രേഖകൾ അപ്‌ലോഡ് ചെയ്യലും പരിശോധനയും (Next – Select Pilgrim – 1) ഇതിനുശേഷം 'Next' ക്ലിക്ക് ചെയ്യുക. തുടർന്ന് നിങ്ങളുടെ മറ്റ് ആവശ്യമായ രേഖകൾ (മെഷീൻ റീഡബിൾ ഇന്ത്യൻ പാസ്പോർട്ടിന്റെ മുൻപിലും പിന്നിലുമുള്ള പേജുകൾ (1200 × 800 px, JPG/JPEG, 100–500 KB). അപേക്ഷ സമർപ്പണ അവസാന തീയതിക്ക് മുമ്പ് ലഭിച്ചതും 31.12.2027 വരെയെങ്കിലും കാലാവധിയുള്ളതുമായിരിക്കണം. വെളുത്ത പശ്ചാത്തലത്തിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ (480 × 640 px, JPG/JPEG, 5–20 KB). ബാങ്ക് പാസ്ബുക്ക് അല്ലെങ്കിൽ ക്യാൻസൽ ചെയ്ത ചെക്ക് (590 × 750px, JPG/JPEG, 80–250 KB). വിലാസം തെളിയിക്കുന്ന രേഖ (590 x 750 px, JPG/JPEG, 80–250 KB). ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ ഓരോരുത്തരുടേയും പേര് സെലക്ട് ചെയ്ത് രേഖകൾ അപ്‌ലോഡ് ചെയ്യുക
- ഫൈനൽ സബ്മിഷൻ (Final Submission) നൽകിയ വിവരങ്ങളും അപ്‌ലോഡ് ചെയ്ത രേഖകളും എല്ലാം കൃത്യമാണെന്ന് ഒരിക്കൽ കൂടി ഉറപ്പുവരുത്തിയ ശേഷം 'Final Submission' ക്ലിക്ക് ചെയ്ത് അപേക്ഷ പൂർത്തിയാക്കുക.
- ആപ്ലിക്കേഷൻ ഡൗൺലോഡ് (Application Download) അപേക്ഷ വിജയകരമായി സമർപ്പിച്ചതിന് ശേഷം ഭാവി ആവശ്യങ്ങൾക്കായി ആപ്ലിക്കേഷൻ ഫോം ഡൗൺലോഡ് ചെയ്ത് (Application Download) സൂക്ഷിക്കുകയും . User Id, Mpin എന്നിവ എഴുതി സൂക്ഷിച്ച് വെക്കേണ്ടതാണ് .ഹജ്ജ് സംബന്ധമായ എല്ലാ കാര്യങ്ങൾക്കും ഇത് ആവശ്യമായി വരും.

Kerala State Haj Committee
Malappuram
Pin 673 647
Haj House, P.O. Calicut Airport

മുജീബ് റഹ്മാൻ പുത്തലത്ത്
അസിസ്റ്റൻറ് സെക്രട്ടറി
കേരള സംസ്ഥാനഹജ്ജ് കമ്മിറ്റി